# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വരവൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി15)999/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 29/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരവൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി15)999/2022 തീയ്യതി: 29/06/2022

## തൃശ്ശൂർ ജില്ലയിലെ വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 18-06-2022 | 22-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2022 | 22-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാംമനോഹർ.വി.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.സുധ.ഇ.എൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഫെമിന.എ.എ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സി.വിജയലക്ഷ്മി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| സുനിത.പി.പി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| മിനി.വി | സെക്രട്ടറി | 01-04-2020 | 09-06-2020 |
| കെ.എസ്.ജോസ്മോൻ | സെക്രട്ടറി | 10-06-2020 | 11-06-2020 |
| സുനിത.ടി.വി | സെക്രട്ടറി | 12-06-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ഗോപി.ടി.എസ് | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| വിജിത.എ.വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| അജി ഫ്രാൻസിസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.സാജിത | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.ജിഷ ജേക്കബ് | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.രമ്യ ജോർജ്ജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.നിസ മോൾ.വി.എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 30-06-2020 |
| ഡോ.ബിജു.പി.ജി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-07-2020 | 13-08-2020 |
| ഡോ.നിസ മോൾ.വി.എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 14-08-2020 | 31-03-2021 |
| പ്രസാദ്.എം.ബി | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, വരവൂർ | 01-04-2020 | 31-03-2021 |
| ധന്യ.സി | വി.ഇ.ഒ, തളി സർക്കിൾ | 01-04-2020 | 31-03-2021 |
| പ്രജിത.സി.ബി | വി.ഇ.ഒ, വരവൂർ സർക്കിൾ | 01-04-2020 | 31-03-2021 |
| സുസ്മിത.കെ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 14-01-2021 |
| നന്ദിനി.ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-01-2021 | 31-03-2021 |
| കോമളവല്ലി.എ.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 09-11-2020 |
| ലിപ്സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-11-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-5 |
| 8 | ക്ഷേമപദ്ധതികൾ.<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-6 |
| 9 | കാഷ് വെരിഫിക്കേഷൻ<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-8 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9 |
| 12 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-1 |
| 13 | വസ്തുനികുതി - അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-2 |
| 14 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-3 |
| 15 | മുൻകൂർ തുകയുടെ വിവരങ്ങൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-4 |
| 16 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-5 |
| 17 | കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-6 |
| 18 | തൊഴിലുറപ്പ്പദ്ധതി - മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-7 |
| 19 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല.<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-8 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-9 |

| | | |
|---|---|---|
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-10 |
| 22 | ബാങ്കിൽ നിക്ഷേപിച്ച് വർഷങ്ങളായിട്ടും ചെക്ക് കാഷ് ചെയ്തിട്ടില്ല<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-11 |
| 23 | ജേണൽ വൗച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതി ക്രമീകരിക്കുന്നു<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-12 |
| 24 | അഡ്വാൻസായി നൽകിയ തുക കാലങ്ങളായി നിഷ്ക്രിയമായി തുടരുന്നു<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-13 |
| 25 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല.<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-14 |
| 26 | സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല<br>Written By: Jayan VS (Auditor, On 21-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-9-15 |
| 27 | ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, സബ് കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-10 |
| 28 | പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-11 |
| 29 | ഗ്രാമ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-12 |
| 30 | ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-13 |
| 31 | പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയതായി വിവരം ലഭിച്ചില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-14 |
| 32 | അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-15 |
| 33 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-16 |
| 34 | മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-17 |
| 35 | മാനുവൽ രശീതിയിലെ തുക ഡേ ബുക്കിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Jayan VS (Auditor, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-18 |
| 36 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-19 |
| 37 | കെട്ടിട നിർമ്മാണ അനുമതി - അപാകതകൾ<br>Written By: Jayan VS (Auditor, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-20 |
| 38 | പെർമിറ്റിലെ വിവരങ്ങളും വസ്തുനികുതി ഫയലിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.<br>Written By: Jayan VS (Auditor, On 22-06-2022)<br>Last Updated By: Jayan VS (Auditor, On 28-06-2022) | 1-21 |
| 39 | എച്ച്.എം.സി കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-22 |

| | | |
|---|---|---|
| 40 | 22 അംഗനവാടികളിലേക്ക് ടി.വി വാങ്ങൽ - തുടർ പ്രവർത്തനങ്ങൾ നടത്തുന്നില്ല<br>Written By: Sudha.E.N (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-23 |
| 41 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-24 |
| 42 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്യൽ - എസ് സി  വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ല<br>Written By: Femina A.A. (Senior Grade Auditor, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-25 |
| 43 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Femina A.A. (Senior Grade Auditor, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-26 |
| 44 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി - കുടുംബശ്രീ ടൈലറിംഗ് യൂണിറ്റ് - മോണിറ്ററിംഗ് ഇല്ല<br>Written By: Femina A.A. (Senior Grade Auditor, On 22-06-2022)<br>Last Updated By: Jayan VS (Auditor, On 28-06-2022) | 1-27 |
| 45 | മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല – സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Femina A.A. (Senior Grade Auditor, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-28 |
| 46 | വേട്ടാണി കുടിവെള്ള പദ്ധതി - തുടർവിവരം ആവശ്യപ്പെടുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-29 |
| 47 | ഇരട്ടക്കുളം പാറപ്പുറം കുടിവെള്ള പദ്ധതി നവീകരണം - തുടർവിവരം ആവശ്യപ്പെടുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-30 |
| 48 | ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത് - ക്രമവിരുദ്ധം.<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-31 |
| 49 | കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-32 |
| 50 | പുറശ്ശേരി കുടിവെള്ളപദ്ധതി ലക്ഷ്യം നേടാത്തത് - തുടർ നടപടി പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-33 |
| 51 | വനിതാ പരിശീലനകേന്ദ്രം കുടിവെള്ളപദ്ധതി - ബാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayan VS (Auditor, On 19-06-2022) | 4-4 |

| | | |
|---|---|---|
| | Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayan VS (Auditor, On 19-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 18.03.20 ലെ തീരുമാനം 1(1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. 23.03.20ൽ രാവിലെ ചേർന്ന ഭരണസമിതി യോഗത്തിൽ കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇതനുസരിച്ച് മുൻബാക്കി 1,51,64,928 രൂപയും, പ്രതീക്ഷിത വരുമാനം 17,32,71,500 രൂപയും ചേർത്ത് ആകെ വരവ് 18,84,36,428 രൂപയും ആകെ ചെലവ് 18,01,09,200 രൂപയും നീക്കിബാക്കി 83,27,228 രൂപയും ആണ്. തുടർന്ന് പഞ്ചായത്ത് ഭരണസമിതി 23.03.20 ൽ ഉച്ചയ്ക്ക് ശേഷം ചേർന്ന യോഗത്തിലെ തീരുമാനം 1(1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് വ്യത്യാസങ്ങളില്ലാതെ അംഗീകരിച്ചു. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനട്സ് പരിശോധിച്ചതിൽ, 2020-21 ലെ ബജറ്റ് പുതുക്കലുമായി ബന്ധപ്പെട്ട് ഒരു അജണ്ട പരിഗണിച്ചതായി കാണുന്നില്ല. 23.01.21ലെ യോഗത്തിലെ തീരുമാനം 14(2) പ്രകാരം പഞ്ചായത്ത് ഭരണസമിതി 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് വായിച്ച് അംഗീകരിച്ച് തീരുമാനിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ചേർത്തിട്ടില്ല. എന്നാൽ 16.02.21 ൽ ഉച്ചയ്ക്ക് ശേഷം ചേർന്ന യോഗത്തിലെ തീരുമാനം 1(1) പ്രകാരം 2021-22 ലെ ബജറ്റ് അംഗീകരിക്കുമ്പോൾ 2020-21ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയ പ്രകാരം മുൻബാക്കി 1,19,45,404 രൂപയും, പ്രതീക്ഷിത വരുമാനം 17,93,27,031 രൂപയും ചേർത്ത് ആകെ വരവ് 19,12,72,435 രൂപയും ആകെ ചെലവ് 18,33,64,200 രൂപയും നീക്കിബാക്കി 79,08,235 രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് മേൽപ്രസ്താവിച്ച പ്രകാരമുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അതേ സമയം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| സ്റ്റാന്റിംഗ് കമ്മറ്റി | ശുപാർശ തീയതി | റിമാർക്സ് |
|---|---|---|
| ആരോഗ്യ വിദ്യാഭ്യാസം | 27.01.20 | സമയപരിധി കഴിഞ്ഞ് |
| വികസനം | 27.01.20 | സമയപരിധി കഴിഞ്ഞ് |
| ക്ഷേമകാര്യം | 23.01.20 | സമയപരിധി കഴിഞ്ഞ് |

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ് (എന്നാൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതി 2020-21 വർഷത്തെ കരട് ബജറ്റ് മാർച്ച് മാസത്തിലെ ആദ്യ ആഴ്ച പരിഗണിച്ചിട്ടില്ല).

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ റിക്കവറികൾ സംബന്ധിച്ച എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവയുടെ

പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് പാസ്സാക്കിയ ബജറ്റ് ചട്ട വ്യവസ്ഥ പാലിക്കപ്പെട്ടതല്ല.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I)പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത്) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല

(Ii) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ/ഭരണസമിതി തീരുമാന പ്രകാരം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

2019-20 ൽ ആരംഭിച്ച് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്ന 60 പ്രോജക്ടുകൾ സ്പിൽഓവർ ആക്കുന്നതിന് 20.04.20 ലെ ഭരണസമിതി തീരുമാനം 1(1) പ്രകാരം തീരുമാനിച്ചു എങ്കിലും ബജറ്റ് പുതുക്കിയില്ല.

2020-21 വാർഷികപദ്ധതി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട 01/07/2020-ലെ സ.ഉ.(കൈ) നം.104/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ വാർഷികപദ്ധതിയിൽ തീരുമാനത്തിൽ ചേർത്തത് പ്രകാരം ഭേദഗതികൾ വരുത്തുന്നതിനും, പുതിയപ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനും ആയതിന് തുടർന്നുവരുന്ന ഡി.പി.സി. യോഗത്തിൽ സമർപ്പിച്ച് ഡി.പി.സി. അംഗീകാരം വാങ്ങുന്നതിനും 16.07.20 ലെ ഭരണസമിതി തീരുമാനം 1(1) പ്രകാരം തീരുമാനിച്ചു എങ്കിലും ബജറ്റ് പുതുക്കിയില്ല.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 16.02.21 ൽ ചേർന്ന യോഗത്തിലെ തീരുമാനം നംപർ 1(1) അനുസരിച്ച് 2020-21 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത് (2021-22 ലെ ബജറ്റ് അംഗീകരിക്കുമ്പോൾ). ഇപ്രകാരം 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാനം മാത്രം ബജറ്റ് പുതുക്കുന്നത് (യഥാസമയം പുതുക്കാതെ) ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൌണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 17.12.2021 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,97,75,183.00 |
| വരവ് | 8,03,22,730.00 |
| ആകെ | 10,00,97,913.00 |
| ചെലവ് | 7,69,97,189.00 |
| നീക്കിയിരിപ്പ് | 2,31,00,724.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10323444 | 10323444 | 9398255 | 925189 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9221608 | 9221608 | 9220676 | 932 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 18315000 | 18315000 | 18315000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3456681 | 3456681 | 3456681 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ബേസിക് (ACR പ്രകാരം) | | 0 | 7321070 | 7321070 | 6897698 | 423372 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ടൈഡ് (ACR പ്രകാരം) | | 0 | 4580000 | 4580000 | 1974066 | 2605934 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 3,43,29,000 | 3,43,29,000 | 3,43,29,000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 285 | 11,76,727 | 11,77,012 | 11,72,909 | 4,103 |
| | ആകെ | 285 | 3,55,05,727 | 3,55,06,012 | 3,55,01,909 | 4,103 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 10,83,73,971 | 205 | 6,09,99,145 | 0 | 37 | 84.72% |

## 1-6 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,440 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 67,35,800 | 437 |
| വിധവാപെൻഷൻ | 1,80,78,000 | 1217 |
| വാർദ്ധക്യകാലപെൻഷൻ | 2,04,52,600 | 1657 |
| വികലാംഗപെൻഷൻ | 45,76,900 | 328 |
| അവിവാഹിതരായ 50 വയസ്സു കഴിഞ്ഞവർക്കുള്ള പെൻഷൻ | 14,31,700 | 101 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90,000 | 3 |

## 1-7 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2022 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,504/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

കാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് തുക ഭൗതിക പരിശോധനയിൽ ഉൾപ്പെടാതിരുന്നത് ഖണ്ഡിക 1-18 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-9-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}.

### 1-9-2 വസ്തുനികുതി - അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

01/04/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള

വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ വരവൂർ ഗ്രാമപഞ്ചായത്തിൽ 177 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 എൻട്രികൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9-3 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1. തൻവർഷം

1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1282437 | 1275238 | 6657 | 1776 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1282437 | 1274004 | 6657 | 1776 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101- Advance Collection - PT On Res. Bldg - ന്റെ ലെഡ്ജർ) | (1865/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 623881 | 574696 | 2225 | 47098 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 623881 | 574558 | *2225 | 47101 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | (49456/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*Advance Collection Ledger (350410104) പ്രകാരം 01.04.2020 ൽ മുൻകൂർ ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് 293/- രൂപ മാത്രമാണ്. എന്നാൽ 30.03.2021 തീയതിയിൽ വൗച്ചർ നം. 42000221 പ്രകാരം 2,225/- രൂപ ക്രമീകരിച്ച് കാണുന്നു. ഇത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

2 കുടിശ്ശിക

2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 7603 | 204 | 3551 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 7606 | 4052 | 3553 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3262+4724.65=7986.65/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3730.65/105X100) |

2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 140414 | 0 | 140414 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 140414 | 0 | 140432 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(25562+121873=147435/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (147454/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 64122 | 383 | 64505 | 63762 | 204 | 63966 | 333 | | 89 | 179 | 268 |
| | നോൺ-റെസിഡൻഷ്യൽ | 31194 | 7040 | 38234 | 28735 | 0 | 28735 | 111 | | 2358 | 7040 | 9398 |
| | ആകെ | 102739 | | | 92701 | | | 444 | | 9666 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 102719.65 | | | 94788 | | | | 0 | 9665.65 | | |
| | | 7403.65+95316 =(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt. Cess/levies ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത ഉകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി ഉക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ: 1.1, 1.2, 2.1, 2.2, 3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

5. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 94,788/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 92,701/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് ഉക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത ഉകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു ഉകയുമല്ല, മറിച്ച് 93,073/- രൂപയാണ്. {വൗച്ചർ 42000225 (64033 + 204 + 28836=93073)} (പട്ടിക 3 കാണുക).

## 1-9-4 മുൻകൂർ ഉകയുടെ വിവരങ്ങൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

1) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ ഉക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന ഉകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 319297 | 1234 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 219 | 138 |

2) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 59300 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 33600 |

## 1-9-5 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല

2020-21 വർഷത്തെ വാർഷിക കണക്കിലെ Income And Expenditure പത്രിക പ്രകാരം 29,93,723/- രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-9-6 കിട്ടാനുള്ള തുക - സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-9-7 തൊഴിലുറപ്പ്പദ്ധതി - മൂലധനചെലവ് പഞ്ചായത്തിൽ ആസ്തിയാക്കിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 3,55,01,909/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ വിവിധ റോഡുകൾ നിർമിക്കുന്നതിനുള്ള 23,77,420/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | ഈങ്ങത്ത് മൈമൂന പടി റോഡ് കോൺക്രീറ്റിംഗ് | 2,01,523 |
| 2 | മാലതി പടി മുതൽ അയ്യപ്പൻപടി വരെ കോൺക്രീറ്റ് റോഡ് നിർമ്മാണം | 1,88,797 |
| 3 | കൊറ്റപുറം ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 2,17,323 |
| 4 | ആവശ്ശേരി രാമചന്ദ്രൻപടി റോഡ് കോൺക്രീറ്റിംഗ് | 2,25,604 |
| 5 | മേലേപുരയ്ക്കൽ രാധപ്പടി റോഡ് കോൺക്രീറ്റിംഗ് | 2,30,457 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 23,77,420/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 23,77,420/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോണ്ട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-9-8 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല.

1) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/03/2021 ൽ ബാക്കിയുള്ള തുകയും ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചതിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|---|---|
| | ശീർഷകം | ഇനം | തുക | |
| 1 | 320200322 | Grants From Suchitwa Mission | 1398452 | 1386452 |

2) ബാലൻസ്ഷീറ്റ് പ്രകാരം ബി-4 പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ

താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 320200302 | Grants, Funds & Contributions For Specific Purposes | 101524 |
| 2 | 320900101 | Nirmal Puraskar | 85,531 |
| 3 | 320800101 | Beneficiary Contribution | 948 |
| 4 | 350200301 | Recoveries Payable - Covid | 582210 |

## 1-9-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-9-10 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 33,25,541/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 31,27,834/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-9-11 ബാങ്കിൽ നിക്ഷേപിച്ച് വർഷങ്ങളായിട്ടും ചെക്ക് കാഷ് ചെയ്തിട്ടില്ല

വരവൂർ സർവ്വീസ് സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് റീകൺസീലിയേഷൻ പത്രിക പ്രകാരം 15,000/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ചെക്ക് നം. 885624/18.10.2014 പ്രകാരം 14.01.2015 തീയതിയിൽ (വൗച്ചർ നമ്പർ 111404500006) ബാങ്കിൽ നിക്ഷേപിച്ച് വർഷങ്ങളായിട്ടും ക്യാഷ് ചെയ്യാത്തതിനാൽ ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-9-12 ജേണൽ വൗച്ചർ - രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതി ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (694) |
| 280800201- Prior Period - Admininstrative Expenses | 25000 |
| 280800701-Prior Period- Miscellaneous Expenses | 13,169 |

## 1-9-13 അഡ്വാൻസായി നൽകിയ തുക കാലങ്ങളായി നിഷ്ക്രിയമായി തുടരുന്നു

അഡ്വാൻസ് രജിസ്റ്റർ, ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 എന്നിവ പ്രകാരം 31.03.2021 ൽ വളരെയധികം കാലമായ തുകകൾ നീക്കിയിരിപ്പായി രേഖപ്പെടുത്തി കാണുന്നു. ഈ തുകകൾ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ശീർഷകം | നിർവ്വഹണ ഏജൻസി | ഇനം | കാലയളവ് | തുക |
|---|---|---|---|---|
| 460500402 | Advance To Costford | വ്യവസായ കെട്ടിടം | 2006-2007 | 2,00,000 |
| 460500201 | Advance To KWA | പുറശ്ശേരി കുടിവെള്ള പദ്ധതി | മുന്നിരിപ്പ് | 8,50,000 |

## 1-9-14 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് വർഷത്തിലധികം കാലാവധി പൂർത്തിയാക്കിയ തുകകൾ വിവിധ സെക്യൂരിറ്റി ഡെപ്പോസിറ്റ് ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്.

| ഇനം | ശീർഷകം | കാലയളവ് | തുക |
|---|---|---|---|
| Contractors EMD | 340100101 | 24.10.2016 മുതൽ 12.01.2018 വരെ | 8,095 |
| Contractors Security Deposit | 340100201 | 02.03.2017 | 4,000 |
| Other Deposits | 340109901 | 12.02.2015 മുതൽ 19.03.2018 വരെ | 38,148 |
| Deposits From Halls & Auditorium | 340200106 | 15.12.2016 മുതൽ 07.11.2017 വരെ | 3,000 |
| Deposits From Others | 340800101 | 28.10.2017 | 1,07,333 |

### 1-9-15 സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനവദിച്ച തുകയും സാംഖ്യ ACR പത്രിക, സുലേഖ പത്രിക എന്നിവ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

1) സർക്കാർ ഉത്തരവ് GO(Rt)No.2657/2020/Fin, 01.04.2020, GO(Rt)No.3033/2020/Fin, 14.05.2020, GO(Rt)No.4461/2020/Fin, 03.08.2020, GO(Rt)No.43/2020/Fin, 01.01.2021, GO(Rt)No.2904/20210/Fin, 25.03.2021 എന്നിവ പ്രകാരം വികസന ഫണ്ട് ജനറൽ എന്ന ഇനത്തിൽ അഞ്ച് ഗഡുക്കളിലായി 1,03,23,444/- (35,05,500+19,13,350+6,72,097+29,24,747+13,07,750) രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തുക അനുവദിക്കുമ്പോൾ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ട (TC) തുക കഴിച്ച് ബാക്കി തുകയാണ് പഞ്ചായത്തിന് അറ്റ തുകയായി അനുവദിച്ചിട്ടുള്ളത്. ഈ അറ്റ തുകയാണ് പഞ്ചായത്ത് ACR പ്രകാരം വികസന ഫണ്ട് ജനറൽ ഇനത്തിലെ വരവായി ചേർത്തിരിക്കുന്നത്. എന്നാൽ അംഗൻവാടി TC ഇനത്തിൽ 3,21,200/- രൂപ മൂന്ന് പ്രാവശ്യം സുലേഖ പത്രികയിൽ ചെലവ് ബുക്ക് ചെയ്തിട്ടുള്ളതും ACR പത്രികയിലെ Allocation പ്രകാരം ചേർത്തിട്ടില്ലാത്തതുമാണ്. ഇപ്രകാരം ചെയ്തതിനാൽ സുലേഖയിൽ ബുക്ക് ചെയ്തിരിക്കുന്ന ചെലവ് ACR ചെലവിനേക്കാൾ കൂടിയാണ് (321200x3=9,63,600) നിൽക്കുന്നത്.

2) സർക്കാർ ഉത്തരവ് പ്രകാരം വികസന ഫണ്ട് ജനറൽ എന്ന ഇനത്തിലെ തുക അനുവദിക്കുമ്പോൾ രണ്ട് ഗഡുക്കളിലായി 4,82,706/- (241353x2=482706) രൂപ പഞ്ചായത്തിന്റെ ലൈഫ് വിഹിതമായി സർക്കാരിലേക്ക് അടവാക്കേണ്ട തുക ഉത്ഭവത്തിൽ നിന്ന് തന്നെ കുറവ് ചെയ്ത് ക്രമീകരിച്ചിട്ടുണ്ട്. ഈ തുക കഴിച്ചുള്ള തുക മാത്രമാണ് ഓരോ പ്രാവശ്യവും അറ്റ തുകയായി പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇതനുസരിച്ചുള്ള അറ്റ തുക മാത്രമാണ് ACR പത്രികയിൽ പഞ്ചായത്ത് ബുക്ക് ചെയ്തിട്ടുള്ളത്. ഇപ്രകാരം ഉത്ഭവത്തിൽ നിന്നും ക്രമീകരിച്ച തുക സുലേഖ പത്രികയിൽ ചെലവ് ബുക്ക് ചെയ്തിട്ടുള്ളതും ACR പത്രികയിലെ Allocation പ്രകാരം ചേർത്തിട്ടില്ലാത്തതുമാണ്. ഇപ്രകാരം ചെയ്തതിനാൽ സുലേഖയിൽ ബുക്ക് ചെയ്തിരിക്കുന്ന ചെലവ് ACR ചെലവിനേക്കാൾ കൂടിയാണ് (241353x2=482706) നിൽക്കുന്നത്.

### 1-10 ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, സബ് കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 163 ാം വകുപ്പ് ഓരോ പഞ്ചായത്തിനും പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരം പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 164 - വകുപ്പ് അനുസരിച്ച് ഓരോ പഞ്ചായത്തിനും സ്റ്റാന്റിംഗ് കമ്മിറ്റിയേയോ പ്രവർത്തന കമ്മിറ്റികളേയോ ഏതെങ്കിലും പണിയോ പദ്ധതിയേയോ പ്രോജക്ടോ പ്ലാനോ നടപ്പാക്കുന്നതിൽ സഹായിക്കുന്നതിലേക്കായി പഞ്ചായത്തിലെ അംഗങ്ങളും പൊതുജനക്ഷേമത്തിൽ താൽപര്യമുള്ളവരും പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്നവരുമായ മറ്റാളുകളുമടങ്ങിയ സബ്കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഇതേ നിയമത്തിലെ 165 ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അധികാരം നൽകുന്നുണ്ട്. പഞ്ചായത്തിൽ ഇപ്രകാരം പ്രവർത്തന കമ്മിറ്റികളോ, സബ്കമ്മിറ്റികളോ, ജോയിന്റ് കമ്മിറ്റികളോ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.01/18.06.22) ലഭ്യമാക്കിയ മറുപടി അനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം കമ്മറ്റികളൊന്നും രൂപീകരിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം കമ്മറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

### 1-11 പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

പഞ്ചായത്ത് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ച് വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരുപദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണെന്ന് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4) ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ, ഗ്രാമ പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം.02/18.06.22) മറുപടി ലഭ്യമാക്കിയില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം വ്യവസ്ഥപ്പെടുത്തലുകൾ സഹായകരമാകുമെന്നതിനാൽ നിയമവ്യവസ്ഥ പാലിക്കാൻ തുടർനടപടി അത്യന്താപേക്ഷിതമാണ്.

### 1-12 ഗ്രാമ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 192(1) ാം വകുപ്പ് പ്രകാരം, ഓരോ പഞ്ചായത്തും ഓരോ വർഷവും സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം അതിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്റ്റംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം പഞ്ചായത്തിന് നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞു വയ്ക്കാവുന്നതുമാണ്. അതിനാൽ 2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.03/18.06.22) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ നിയമവ്യവസ്ഥ പാലിച്ച് ഭരണറിപ്പോർട്ട് പ്രസിദ്ധപ്പെടുത്താൻ ഗ്രാമ പഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

### 1-13 ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ

കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം ( ചട്ടം 3 പ്രകാരം ) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ഉചിതമെന്ന് കരുതുന്ന പക്ഷം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം. 09/20.06.22)

## 1-14 പൗരാവകാശരേഖ പുതുക്കി കാലാനുസൃതമാക്കിയതായി വിവരം ലഭിച്ചില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 272 എ (1) വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പ്രസ്തുത നിയമത്തിലെ 272 എ (2) വകുപ്പ് പ്രകാരം പൗരാവകാശരേഖ വർഷത്തിൽ ഒരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2004 ലെ കേരള പഞ്ചായത്ത് രാജ് ( പൗരാവകാശരേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, പഞ്ചായത്ത് ചർച്ച ചെയ്ത് വേണം പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കാൻ. 2020-21ൽ പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിരുന്നോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നംപർ 04/18.06.22) ന് മറുപടി ലഭ്യമാക്കിയില്ല. നിയമവ്യവസ്ഥകൾ യഥാവിധി പാലിക്കേണ്ടതും പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കേണ്ടതും അനിവാര്യമാണ്.

## 1-15 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2020-21 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( എൻക്വയറി നം. 14തീ. 21.06.2022 ) നൽകിയതിന് മറുപടി ലഭിച്ചില്ല.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(Ii) 08.06.20 ലെ ഭരണസമിതി തീരുമാനം 20(1) താഴെ ചേർക്കുന്നു

"വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് 2020-2021 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വരവൂർ ഗ്രാമപഞ്ചായത്തിലെ 1. കൊറ്റുപുറം വാട്ടർസപ്ലൈ, 2. കൊങ്ങത്ത് പറമ്പ് കുടിവെള്ള പദ്ധതി 3. വെട്ടുകാട് കോളനി കുടിവെള്ള പദ്ധതി 4. അടാട്ടുകുന്നു കോളനി കുടിവെള്ള പദ്ധതി എന്നീ പ്രവൃത്തികൾക്ക് രേഖാമൂലമുള്ള സമ്മതപത്രവും ആസ്തി രജിസ്റ്ററിന്റെ പകർപ്പും ലഭ്യമാക്കുന്നത് സംബന്ധിച്ച് അസി.എക്സിക്യൂട്ടീവ് എൻജിനീയറുടെ എ3-1768/2020,27/05/2020 നമ്പർ കത്ത് യോഗത്തിൽ വായിച്ചു. പ്രസ്തുത പ്രവൃത്തികൾക്ക് സമ്മതപത്രം നല്കുന്നതിനും, ആസ്തിരജിസ്റ്റർ പരിശോധിച്ച് ആയവ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ രജിസ്റ്ററിന്റെ പകർപ്പ് നല്കുന്നതിനും, ഉൾപ്പെട്ടിട്ടില്ലാത്തതാണെങ്കിൽ ഉൾപ്പെടുത്തുന്നതിനും യോഗം തീരുമാനിച്ചു."

(Iii) 29.09.20 ലെ ഭരണസമിതി തീരുമാനം 14(1) താഴെ ചേർക്കുന്നു

"തിച്ചൂർ സബ് സെന്റർ ചുറ്റുമതിൽ തകർന്നത് പുതുക്കി പണിയുന്നതിന് അസി.എൻജിനീയർ തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് ചർച്ച ചെയ്തു. നിലവിൽ ഫണ്ട് മാറ്റി വയ്ക്കാൻ ഇല്ലാത്തതിനാൽ Tender Excess ഉണ്ടെങ്കിൽ പി എച്ച് സി മതിൽ, അംഗൻവാടി വാർഡ് 7 മതിൽ/ തിച്ചൂർ FWC മതിൽ എന്നിവയ്ക്ക് വേണ്ടി മാറ്റുന്നതിന് റിവിഷനിൽ വെക്കുന്നതിന് തീരുമാനിച്ചു."

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ ഉടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-16 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ്‌വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ MORDഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ്‌വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ MORD ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യൂഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 15/21.06.22)

## 1-17 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ - കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യൂഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തിയ മിക്ക പ്രവൃത്തികളിലേയും കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്. ഉദാ. 1) പ്രോജക്ട് നംപർ 145/21 ഇല്ലത്ത്പടി റോഡ് ടാറിംഗ് 2) പ്രോജക്ട് നംപർ 32/21 കമ്മുള്ളി റോഡ് റീ ടാറിംഗ്

3) പല അവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പിഡബ്ള്യൂഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. ഉദാഹരണത്തിന് 1) പ്രോജക്ട് നമ്പർ 145/21 ഇല്ലത്ത്പടി റോഡ് ടാറിംഗ് 2) പ്രോജക്ട് നമ്പർ 32/21 കമ്മുള്ളി റോഡ് റീ ടാറിംഗ്

4) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയോ, ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുകയോ ചെയ്യില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ (കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ചില മരാമത്ത് ഫയലുകളിൽ ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ സ്ഥാപിച്ചതായി (ഫോട്ടോ) ഫയലിൽ രേഖയില്ല. ഉദാ. പ്രോജക്ട് നമ്പർ 150/21 വാൽച്ചിറ റോഡ് ടാറിംഗ്. ചില മരാമത്ത് ഫയലുകളിൽ ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഉദാ. 1) പ്രോജക്ട് നമ്പർ 32/21 കമ്മുള്ളി റോഡ് റീ ടാറിംഗ് 2) പ്രോജക്ട് നമ്പർ 143/21 ഗണപതി അമ്പലം റോഡ് ടാറിംഗ്. ചില മരാമത്ത് ഫയലുകളിൽ ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കരാറുകാർ പ്രസ്തുത ഇനം പ്രവൃത്തി ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാ. 1) പ്രോജക്ട് നംപർ 149/21 കഞ്ഞിപ്പാടം റോഡ് ടാറിംഗ്

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 15/21.06.22)

## 1-18 മാനവൽ രശീതിയിലെ തുക ഡേ ബുക്കിൽ ഉൾപ്പെട്ടിട്ടില്ല

23.05.2022 തീയതിയിൽ മാനവൽ രശീതി പുസ്തകം നം. 6708, രശീതി നം. 1, 2, 3 എന്നിവ പ്രകാരം മണ്ണ് ലേലം റീടെണ്ടർ ഇ.എം.ഡി തുകയിനത്തിൽ 15,000/- രൂപ വീതം 45,000/- രൂപ പഞ്ചായത്ത് പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക അന്നേ ദിവസത്തെ ഡേ ബുക്കിൽ വരവ് വന്നിട്ടില്ല. ആയതിനാൽ തന്നെ കാഷ് ബുക്കിലും രേഖപ്പെടുത്തുന്നില്ല.

വരവൂർ സർവ്വീസ് സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് നം. 0101002824 പാസ് ബുക്ക് പ്രകാരം 23.05.2022 തീയതിയിലെ ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ തുകയായ 31,890/- രൂപയും മേൽ സൂചിപ്പിച്ച 45,000/- രൂപയും ചേർത്ത് 76,890/- രൂപ അടവാക്കിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/22.06.2022 ന് ലഭ്യമാക്കിയ മറുപടിയിൽ മാനവൽ രശീതി പ്രകാരമുള്ള വരവ് തുക ILGMS വഴി വരവ് വയ്ക്കുന്നതിനുള്ള Request തെറ്റായി നൽകിയത് മൂലം ടി തുക വരവ് വയ്ക്കുന്നതിന് സാധിച്ചിട്ടില്ല എന്നും ഈ വിഷയത്തിൽ ഐ.കെ.എം ന് പരാതി നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

21.06.2022 തീയതിയിൽ കാഷ് വെരിഫിക്കേഷൻ സമയത്ത് ലഭ്യമാക്കിയ കാഷ് ബുക്ക് പ്രകാരം 31,890/- രൂപ മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡേ ബുക്ക് പ്രകാരമുള്ള 1,504/- രൂപ മാത്രമാണ് കാഷ് ആയി നീക്കിയിരിപ്പുള്ളത്. മേൽ സൂചിപ്പിച്ചിരുന്ന തീയതിയിലെ ഡേ ബുക്ക് പ്രകാരമുള്ള തുക തന്നെയാണ് കാഷ് ബുക്ക് പ്രകാരമുള്ള തുക നീക്കിയിരിപ്പായി കാണുന്നത്. 23.05.2022 തീയതിയിലെ മാനവൽ രശീതി പ്രകാരമുള്ള വരവ് തുകയായ 45,000/- രൂപ ILGMS വഴി വരവ് വയ്ക്കുന്നതിന് സാധിക്കാത്തതിനാൽ, പ്രസ്തുത സാങ്കേതിക പ്രശ്നം പരിഹരിക്കുന്ന മുറയ്ക്ക് അന്നേ ദിവസത്തെ മൊത്തം തുകയും ചേർത്ത് Contra വൗച്ചർ ജനറേറ്റ് ചെയ്താൽ കാഷ് ബുക്ക് ബാലൻസ് അവശേഷിക്കുന്നതല്ല എന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്.

മാനവൽ രശീതി പ്രകാരമുള്ള തുക ഡേ ബുക്കിൽ ഉൾപ്പെടാതിരുന്നതിന്റെ സാങ്കേതിക കാരണങ്ങൾ ബന്ധപ്പെട്ടവരുടെ അടിയന്തിര ശ്രദ്ധയിൽപെടുത്തി അപാകത പരിഹരിക്കേണ്ടതും കാഷ് ബുക്ക്, ഡേ ബുക്ക് എന്നിവ കൃത്യമാക്കേണ്ടതുമാണ്.

## 1-19 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം 204 (I) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, 204 (II) വകുപ്പ് പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. ഇത് പ്രകാരം പഞ്ചായത്തിലെ തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ കാണുന്നു.

I) 2020-21 വർഷങ്ങളിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനത്തിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1) ക്ഷീരോത്പാദക സഹകരണ സംഘം, തിച്ചൂർ

II) 2020-21 വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികളുടെ കരാറുകാരായ കെ.കെ.ഇബ്രാഹിം, പി.എ.കമ്മുട്ടി, പി.എം.വീരാൻകുട്ടി, പി.എ.അജ്മൽ, ഫഹദ്.എ.വൈ, എ.എം.യൂസഫ്, അബ്ദുൾ കരീം, എ.എം.സുലൈമാൻ, ഹസ്സൻ ഷമീർ, സുമേഷ്.എം, സുലൈമാൻ.വി.വൈ, അബ്ദുൾ റഷീദ്, ഹക്കീം.എൻ, ടി.എ.യൂസഫ്, സൈനുദ്ദീൻ.എ.കെ, അഹമ്മദ് കബീർ എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

III) G.O(P) No. 78/2017/LSGD, Dt. 31.10.2017 പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 14 ൽ ഭേദഗതി വരുത്തി 14 A വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. പ്രസ്തുത ഭേദഗതിക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകി പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 5/19.06.2022)

## 1-20 കെട്ടിട നിർമ്മാണ അനുമതി - അപാകതകൾ

കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 12900/ആർ.എ.1/2015/തസ്വഭവ. തീയതി 02.12.2015 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ പ്രകാരം കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യപ്പെടുന്നത് മുതൽ കെട്ടിടനിർമ്മാണം പൂർത്തിയായി ഒക്യുപൻസി നൽകുന്നത് വരെ അപേക്ഷയിൻമേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. ടി സർക്കുലറിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

I. കെട്ടിടനിർമ്മാണ അപേക്ഷാ ഫയലിൽ നോട്ട് ഭാഗവും, കറസ്പോൻഡൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റ് രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയൽ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

Ii. കുറിപ്പുകൾ അപേക്ഷയിൽത്തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ ടാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പറും പേജ് നമ്പറും രേഖപ്പെടുത്തേണ്ടതാണ്.

Iii. അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വെ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, പാർക്കിംഗ്, കവറേജ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിടനിർമ്മാണ നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോ എന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവ്വെ/റീസർവ്വെ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണ സ്ഥലത്ത് പ്രായോഗിക തലത്തിൽ ലഭ്യമാണോ എന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആവശ്യമെങ്കിൽ റിപ്പോർട്ടിനായി ഒരു മാതൃകാ ഫോർമാറ്റ് തയ്യാറാക്കി ഉപയോഗിക്കാവുന്നതാണ്.

Iv. ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെ നോട്ടിൽ ഉടമസ്ഥതയ്ക്ക് ആധാരമായ രേഖകളുടെ പരിശോധന, അപേക്ഷകന്റെ ഉടമസ്ഥാവകാശം, അപേക്ഷയിലെ ഭൂമിയിലെ നിർമ്മാണാവകാശം എന്നിവ സംബന്ധിച്ച് പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കാവുന്ന പക്ഷം പെർമിറ്റ് ഫീസ് / കോമ്പൗണ്ടിംഗ് ഫീസ് സംബന്ധമായി കണക്കാക്കലുകൾ നോട്ടിൽ വ്യക്തമാക്കേണ്ടതും പെർമിറ്റ് നിരസിക്കുന്ന പക്ഷം വ്യക്തമായ കാരണങ്ങൾ നോട്ടിൽ രേഖപ്പെടുത്തേണ്ടതുമാണ്.

V. 30.10.2012 ലെ നമ്പർ 59177/ആർ.എ.1/2013/തസ്വഭവ., 30.12.2013 തീയതിയിലെ നമ്പർ 75419/ആർ.എ.1/2013/തസ്വഭവ എന്നീ സർക്കുലറുകളിൽ അനുശാസിക്കും പ്രകാരം ഫയലിലെ എല്ലാ കുറിപ്പുകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും ഉത്തരവുകളുടെയും ചുവടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

Vi. മതിയായ പെർമിറ്റ് ഫീസ് അടയ്ക്കുന്ന മുറയ്ക്ക് ഇതിന്റെ വിവരങ്ങൾ (രസീത് നമ്പർ, തീയതി, തുക എന്നിവ ഫയലിൽ രേഖപ്പെടുത്തി, കരട് പെർമിറ്റ് തയ്യാറാക്കി രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി അംഗീകാരത്തിനായി അധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

Vii. അനുവദിക്കപ്പെട്ട പെർമിറ്റ് കെ.എം.ബി.ആർ ലെ ചട്ടം 15എ/കെ.പി.ബി.ആർ.ലെ ചട്ടം 17 പ്രകാരം നീട്ടുന്നതിനോ (എക്സ്റ്റൻഷൻ) പുതുക്കുന്നതിനോ (റിന്യൂവൽ) അപേക്ഷ കാലേക്കൂട്ടി സമർപ്പിക്കപ്പെടുന്നുവെന്നും സമയപരിധിക്കുള്ളിൽ തന്നെ നീട്ടിയ/പുതുക്കിയ പെർമിറ്റ് അനുവദിക്കപ്പെടുന്നുവെന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. കാലതാമസമുണ്ടാകുന്നപക്ഷം മതിയായ വിശദീകരണം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്. നീട്ടിയ/പുതുക്കിയ പെർമിറ്റിൽ കാലഹരണപ്പെട്ട പെർമിറ്റിന്റെ പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. പെർമിറ്റിന്റെ കാലാവധി നീട്ടുന്നതായുള്ള സാക്ഷ്യപത്രങ്ങൾ, കാലഹരണപ്പെട്ട പെർമിറ്റിൽ തന്നെ പുതിയ കാലാവധി രേഖപ്പെടുത്തലുകൾ നൽകുന്ന രീതികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

Viii. നിലവിൽ സാധുവായ പെർമിറ്റുള്ള പ്ലോട്ടിൽ മറ്റൊരു നിർമ്മാണത്തിന് അനുമതിക്കായി അപേക്ഷ ലഭിക്കുമ്പോൾ നിലവിലെ എല്ലാ നിർമ്മാണങ്ങളും (പൂർത്തിയായവയുടെ നമ്പർ, നിർമ്മാണത്തിലിരിക്കുന്നവയുടെ പെർമിറ്റ് നമ്പർ, ഇവ സഹിതം) പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഒരേ സ്ഥാനത്ത് സാധുവായ രണ്ട് പെർമിറ്റുകൾ ഒരേ സമയം ഉണ്ടാകാൻ പാടുള്ളതല്ല. ആവശ്യമുള്ള പക്ഷം പെർമിറ്റ് സറണ്ടർ ചെയ്ത ശേഷം ആയത് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം മാത്രമേ പുതിയ പെർമിറ്റ് നൽകാവൂ.

എന്നാൽ വരവൂർ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ കെട്ടിടനമ്പർ അനുവദിച്ചവയുടെ ഫയലുകൾ പരിശോധിച്ചതിൽ കെട്ടിടനിർമ്മാണ അനുമതി മുതൽ നമ്പറിംഗ് വരെയുള്ള നടപടികളിൽ മേൽ സർക്കുലറിലെ ഭൂരിഭാഗം നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടില്ല എന്ന് കാണുകയുണ്ടായി. അപേക്ഷകളിലെ നോട്ട് ഫയലിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അത് മൂലം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിലും വസ്തുനികുതി നിർണ്ണയത്തിലും അപാകതകൾ സംഭവിക്കുന്നു. ഈടാക്കിയ ഫീസ്, രശീതി നം. തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല. ഉദാഹരണത്തിന് ലതികാദേവി, ചേലംചങ്കരത്ത് വീട് എന്നയാളുടെ 172.50 ച.മീ വാണിജ്യ കെട്ടിടത്തിന്റെ പെർമിറ്റ് അപേക്ഷ നം.A5-3522/20, തീ.28.01.21 പ്രകാരമുള്ള ഫയലിലും സുരേഷ്, സെക്രട്ടറി, എഴുത്തച്ഛൻ എജ്യുക്കേഷണൽ സൊസൈറ്റി അപേക്ഷ നം.A5-964/21, പെർമിറ്റ് നം.A5-BA(59626), തീ.01.03.21 പ്രകാരമുള്ള ഫയലിലും നോട്ട് ഫയൽ, ഈടാക്കിയ ഫീസ്, രശീതി നം. തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് രജിസ്റ്റർ, നോട്ട് ഫയൽ എന്നിവ കൃത്യമായി പരിപാലിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 6/19.06.2022)

## 1-21 പെർമിറ്റിലെ വിവരങ്ങളും വസ്തുനികുതി ഫയലിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

14.03.2018 തീയതിയിലെ എ3-183/18 പെർമിറ്റ് പ്രകാരം പിലാക്കാട് വില്ലേജ് സർവ്വേ നം. 211/10 ൽ 187.38$m^2$ ബഹുകുടുംബ (മൂന്ന് ക്വാർട്ടേഴ്സ്) വാസഗൃഹം നിർമ്മിക്കുന്നതിനായി അബൂബക്കർ & ആസിയ, ചെറുകാട്ടിൽ വീട്, പിലാക്കാട് എന്നവർക്ക് അനുമതി നൽകിയിരുന്നു. ഇതോടൊപ്പം സമർപ്പിച്ച വരവൂർ/പിലാക്കാട് ഗ്രൂപ്പ് വില്ലേജാഫീസിൽ നിന്നും ലഭ്യമാക്കിയ 14.07.2019 തീയതിയിലെ 41435712 നമ്പർ പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരവും 09.07.2019 തീയതിയിലെ KL08025001237/2019 നമ്പർ ഭൂനികുതി രശീതി പ്രകാരവും സർവ്വേ നം. 211/10 ൽ ഉൾപ്പെട്ട 5.20 ആർ വസ്തു നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതോടൊപ്പം സമർപ്പിച്ച പ്ലാനിലും 5.20 ആർ സ്ഥലം എന്നാണ് കാണിച്ചിട്ടുള്ളത്, സർവ്വേ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രസ്തുത പ്ലാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ ആധാരം നമ്പർ 1305/91 പ്രകാരം സർവ്വേ നമ്പർ 495/3 എന്നും വിസ്തീർണ്ണം 6.87 ആർ എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് മേൽ സൂചിപ്പിച്ച വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

05.09.2019 തീയതിയിൽ പണി പൂർത്തീകരിച്ച് നമ്പർ അനുവദിക്കുന്നതിനായി അപേക്ഷിക്കുകയും സമർപ്പിച്ച പൊസഷൻ സർട്ടിഫിക്കറ്റ് നം. 44096101/06.11.2019, ഭൂനികുതി രശീതി നം. KL0825001958/2019, തീ.05.11.2019 എന്നിവ പ്രകാരം സർവ്വേ നം. 213/9-1 എന്നും (Old Survey 516) വിസ്തീർണ്ണം 6.87 എന്നും പുരയിടം എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സമർപ്പിച്ച പ്ലാനിലും വിസ്തീർണ്ണം 6.87 ആർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്ലാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

നോട്ട് ഫയലിൽ (നം A5-4047/19, തീ.18.09.2019) സർവ്വേ നം. 211/10 ലുള്ള സ്ഥലം നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും സ്ഥലപരിശോധനയ്ക്കായി എഞ്ചിനീയറിങ്ങ് സെക്ഷനിലേക്ക് കൈമാറുന്നതിന് രേഖപ്പെടുത്തി കൈമാറുകയും LSGD ഓവർസിയർ ഫയലിൽ, പെർമിറ്റ് പ്രകാരമുള്ള സർവ്വേ നമ്പർ 211/10 ൽ 520m2 നിലം ആയും സർവ്വേ നം. 213/9-1 ൽ പുരയിടം ആയുമാണ് കാണുന്നതെന്നും സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവയിൽ പൊരുത്തക്കേട് ഉള്ളതിനാൽ തുടർ നടപടികൾക്കായി സമർപ്പിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പകരം XII/149 A, B, C എന്നീ നമ്പറുകൾ നൽകി 2020-21 ആദ്യ പകുതി മുതൽ നികുതി ഈടാക്കിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്.

വില്ലേജിൽ ഒറ്റത്തവണ നികുതി അടവാക്കിയതിന്റെ വിവരങ്ങളും ഹാജരാക്കിയിട്ടില്ല.
അപാകത കണ്ടെത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം നം. 10/20.06.2022).

## 1-22 എച്ച്.എം.സി കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള താഴെ ചേർക്കുന്നതു പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.7, തീയതി 19.06.2022)

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/തീയതി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| അലോപ്പതി വിഭാഗം, പി.എച്ച്.സി, വരവൂർ | 22.08.2007 | 2020-21 ഉൾപ്പെടെ ഓഡിറ്റ് നടത്തിയിട്ടുണ്ട്. |
| ആയുർവ്വേദ വിഭാഗം, ജി.എ.ഡി, വരവൂർ | 18.10.2016 | 2020-21 മുതൽക്കുള്ളത്. |
| ഹോമിയോ വിഭാഗം, ജി.എച്ച്.ഡി, വരവൂർ | വിവരം ലഭ്യമാക്കിയിട്ടില്ല | 2020-21 ഉൾപ്പെടെ ഓഡിറ്റ് നടത്തിയിട്ടുണ്ട്. |

## 1-23 22 അംഗനവാടികളിലേക്ക് ടി.വി വാങ്ങൽ - തുടർ പ്രവർത്തനങ്ങൾ നടത്തുന്നില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 22 അംഗനവാടികളിലേക്ക് ടി.വി വാങ്ങൽ എന്ന പ്രൊജക്ട് (പ്രൊജക്ട് നം.203/21) പ്രകാരം കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പൊതുവിദ്യഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുള്ള ഓൺലൈൻ ക്ലാസ്സ് ലഭ്യമല്ലാത്ത കുട്ടികൾക്ക് കെ.എസ്.എഫ്.ഇ യുമായി ചേർന്ന് ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തുന്നതിന് ചേലക്കര എം.എൽ.എ യുടെ വികസന നിധിയും പഞ്ചായത്തിന്റെ തനത് ഫണ്ടും ചേർത്ത് 22 അംഗനവാടികളിലേക്ക് 22 (32 ഇഞ്ച്) സ്മാർട്ട് ടി.വി വാങ്ങിയിട്ടുണ്ട്. ഇതിനായി വൗച്ചർ നം. 2200361/17.09.20, തുക 2,20,000/- (KSFE Share), 22000382/23.09.20, തുക – 2,585- (തനത് ഫണ്ട്), 2200381/23.09.20, തുക – 74,195/-, 22001023/31.03.21, തുക – 55,990/- (MLA Share) എന്നിവ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ 19.07.2020 ലെ DCTSR/5416/2020-FN1 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിക്കുകയും ടി.ഉത്തരവിൽ ക്രമ നമ്പർ 4 ആയി ആസ്തികളുടെ മെയിന്റനൻസ് മറ്റ് ആവർത്തന ചെലവുകൾ എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.
കൃഷ്ണപ്രിയ കേബിൾ വർക്സിന് 22 അംഗനവാടികളിലേക്ക് Set Top Box, കേബിൾ ഫിറ്റിംഗ്സ്, ഇൻസ്റ്റലേഷൻ ചാർജ്ജ്, ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ ചാർജ്ജ് എന്നീ ഇനങ്ങളിൽ മേൽ തുകയിൽപെട്ട 1,10,000/- രൂപ നൽകുകയും 02.10.2020 ന് പണി പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ഒരു വർഷം പൂർത്തിയാകുന്ന 02.10.2021 ന് ശേഷം മേൽ ടി.വി കളുടെ കേബിൾ സബ്സ്ക്രിപ്ഷൻ ചാർജ്ജ് അടവാക്കിയതിന്റെ വിവരവും പ്രസ്തുത ടി.വി കൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം. 11/20.06.2022)

ജില്ലാ കളക്ടറുടെ മേൽ ഉത്തരവ് പ്രകാരം ആസ്തികളുടെ മെയിന്റനൻസ് മറ്റ് ആവർത്തന ചെലവുകൾ എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ആസ്തി സംരക്ഷിച്ച് പ്രവർത്തന സജ്ജമാക്കി കുട്ടികൾക്ക് പ്രയോജനപ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | വൗച്ചർ നം./ തീയതി, | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 2/21 -IKM വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | 22001059/08.01.21 | 45,000/- | ഇൻഫർമേഷൻ കേരള മിഷൻ |
| 2 | 44/21- കാൻ തൃശ്ശൂർ (വികസന ഫണ്ട് ജനറൽ) | 22001027/03.11.20 | 80,000/- | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |

മേൽ പദ്ധതികളുടെ ധനവിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 12/20.06.2022).

## 1-25 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്യൽ - എസ് സി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ , വരവൂർ എൽ പി സ്കൂൾ

പ്രൊജക്ട് നം. 62/21

ചെലവ് - വികസന ഫണ്ട്, എസ്.സി.പി - 4,08,435 രൂപ

വൗച്ചർ നം – 22001089/16.03.2021

മേൽ പദ്ധതി പ്രകാരം 15 എസ്.സി വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി CPRCS പോർട്ടൽ വഴി കെൽട്രോണിൽ നിന്നും 15 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽ വിദ്യാർത്ഥികൾക്ക് എസ് സി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം. 16/21.06.2022 )

## 1-26 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പ്രൊജക്ട് നം.12/21

ചെലവ് - വികസന ഫണ്ട് ജനറൽ - 4,00,000 രൂപ

വൗച്ചർ നം - 22000994/21.10.2020

32 ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിന് മേൽ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്റ്ററുടെ അക്കൗണ്ടിലേക്ക് ( നം. 713011400000034) കൈമാറിയിട്ടുണ്ട്. പിലക്കാട് ക്ഷീര സഹകരണ സംഘത്തിന്റെ വിതരണ രജിസ്റ്റർ പ്രകാരം ഒരു ഗുണഭോക്താവിന് 11,982 രൂപ വീതം 32 പേർക്ക് 3,83,424 രൂപ ചെലവു വന്നിട്ടുണ്ട്. തൻവർഷം ചെലവഴിച്ച തുകയിൽ ബാക്കി നിൽക്കുന്ന 16,576 രൂപ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട പൂർത്തീകരണ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 13/20.06.2022)

## 1-27 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി - കുടുംബശ്രീ ടൈലറിംഗ് യൂണിറ്റ് - മോണിറ്ററിംഗ് ഇല്ല

പ്രൊജക്ട് നം. - SO153/20-21

ചെലവ് തുക - 2,00,000 , വികസന ഫണ്ട് (എസ്.സി.പി)

വൗച്ചർ നം - 22000397 , 12.04.2020

ഗ്രാമപഞ്ചായത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക13 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള മോണിറ്ററിംഗ് പ്രത്യേകം ആവശ്യമായ കുടുംബശ്രീ തയ്യൽ യൂണിറ്റ് എന്ന പ്രൊജക്ട് സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. കുമരപ്പനാൽ ഡ്രീംസ് ഫാഷൻ ഡിസൈനിംഗ് ആക്ടിവിറ്റി ഗ്രൂപ്പിനാണ് ബാക്ക് എൻഡ് സബ്സിഡിയായി 1,50,000 രൂപ നല്കിയിട്ടുള്ളത് . സബ്സിഡി തുക ബാങ്കിൽ സസ്പെൻസ് അക്കൗണ്ടിൽ നിലനിർത്തുകയും വായ്പ തീർപ്പാക്കുന്ന മുറയ്ക്ക് ഗ്രൂപ്പിന് ട്രാൻസ്ഫർ ചെയ്യു നല്കുകയുമാണ് ചെയ്യുന്നത്. ഇതു പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പാണ് ഈ പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടത്. 2020-21 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനട്സിലും മോണിറ്ററിംഗ് സംബന്ധിച്ച് ഒരു ചർച്ചയും നടന്നിട്ടില്ല. പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് മറുപടി നൽകേണ്ടതും സബ്സിഡി അനുവദിച്ചതുമായി ബന്ധപ്പെട്ട തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 25/22.06.2022

## 1-28 മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല - സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവന ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിക്കാൻ ഇടയാകുന്നതായി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഡാറ്റാ ബേസ് പരിശോധിച്ചപ്പോൾ വ്യക്തമായി. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പേര് | പെൻഷണർ ഐ.ഡി. | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ഏതു മാസം വരെ പെൻഷൻ അനുവദിച്ചു | പെൻഷൻ വിതരണ രീതി | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| മൊയ്തീൻ | 2220288948 | കർഷക പെൻഷൻ | 23/09/2021 | മെയ് 2022 | ബാങ്ക് അക്കൗണ്ട് | ആക്ടീവ് |
| തങ്കമണി അമ്മ | 2220310521 | കർഷക പെൻഷൻ | 31/03/2021 | മെയ് 2022 | ബാങ്ക് അക്കൗണ്ട് | ആക്ടീവ് |
| പരമേശ്വരൻ നായർ | 2220288908 | കർഷക പെൻഷൻ | 02/09/2021 | മെയ് 2022 | ബാങ്ക് അക്കൗണ്ട് | ആക്ടീവ് |

മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സമയബന്ധിതമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച് സർക്കുലർ നം 63/2021 ധന തിയ്യതി 02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

മരണപ്പെടുകയോ പുനർവിവാഹിതരാവുകയോ ചെയ്യുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും (സ.ഉ.(എ.എസ്) നം.97/2020/ധന. തീയതി. 23.09.2020) അപ്രകാരം ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം പെൻഷൻ ഡാറ്റാബേസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം. 26/12.06.2022)

## 1-29 വേട്ടാണി കുടിവെള്ള പദ്ധതി - തുടർവിവരം ആവശ്യപ്പെടുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 212/21 |
| പ്രൊജക്ട് | വേട്ടാണി കുടിവെള്ള പദ്ധതി |
| സാങ്കേതികാനുമതി | 62381/2020-21 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2020-21/92984 Dtd. 04.09.20 |
| സാങ്കേതികാനുമതി തുക | 4,00,000 രൂപ |
| കരാറുകാരൻ | ശ്രീ. ഹക്കീം. എൻ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 1% കുറവ് |
| കരാർ ഉടമ്പടി | 32/AE/LSGD/VVR/2020-21 Dtd. 11.09.20 |
| എം.ബുക്ക് | 70/2020-21 |
| വൗച്ചർ നമ്പർ, തുക | 22001078/25.03.21 = 2,38,537 ( DF SCP) |

ഈ പ്രോജക്ടിന്റെ Detailed Estimate പ്രകാരം ബോർവെൽ നിർമ്മാണം, വാട്ടർ ടാങ്കിനായി പ്ലാറ്റ് ഫോം, 5000 ലിറ്ററിന്റെ വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ, സൈറ്റ് ഇൻസ്പെക്ഷൻ ചാർജ്ജസ്, യീൽഡ് ടെസ്റ്റ്, വാട്ടർ ക്വാളിറ്റി ടെസ്റ്റ്, സബ്മേഴ്സിബിൾ മോട്ടോർ പമ്പ് സെറ്റ് എന്നിവയ്ക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ ആണ് മേൽ വിവരിച്ച പ്രകാരം പാസ്സാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1) ഫൈനൽ ബിൽ പ്രകാരം സൈറ്റ് ഇൻസ്പെക്ഷൻ ചാർജ്ജസ്, യീൽഡ് ടെസ്റ്റ്, ബോർവെൽ നിർമ്മാണം, വാട്ടർ ടാങ്ക് സ്ഥാപിക്കൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. യീൽഡ് ടെസ്റ്റ് റിസൽട്ട് ഉണ്ടെങ്കിലും വാട്ടർ ക്വാളിറ്റി ടെസ്റ്റ് നടത്തിയിട്ടില്ല. വാട്ടർ ക്വാളിറ്റി ടെസ്റ്റ് നടത്താതെ ജലം ഉപയോഗ യോഗ്യമാണോ എന്ന് എങ്ങിനെയാണ് ഉറപ്പാക്കുന്നത്?

2) പ്രവൃത്തിയിൽ വിഭാവനം ചെയ്ത സബ്മേഴ്സിബിൾ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിച്ചിട്ടില്ല. ആയത് സ്ഥാപിക്കാതെ പ്രോജക്ട് ഉദ്ദേശ്യലക്ഷ്യങ്ങൾ നേടില്ല എന്നിരിക്കെ അതിനായി സ്വീകരിച്ച തുടർപ്രവർത്തനം അറിയിക്കേണ്ടതാണ്.

യുക്തിസഹമായ മറുപടി ലഭ്യമാകുന്നതുവരെ ചെലവ് തുക 2,38,537 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 21/22.06.22)

## 1-30 ഇരട്ടക്കുളം പാറപ്പുറം കുടിവെള്ള പദ്ധതി നവീകരണം - തുടർവിവരം ആവശ്യപ്പെടുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 208/21 |
| പ്രൊജക്ട് | ഇരട്ടക്കുളം പാറപ്പുറം കുടിവെള്ള പദ്ധതി നവീകരണം |
| സാങ്കേതികാനുമതി | 61847/2020-21 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2020-21/94251 Dtd. 03.09.20 |
| സാങ്കേതികാനുമതി തുക | 3,00,000 രൂപ |
| കരാറുകാരൻ | ശ്രീ. ഹക്കീം. എൻ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 1% കുറവ് |
| കരാർ ഉടമ്പടി | 31/AE/LSGD/VVR/2020-21 Dtd. 11.09.20 |
| എം.ബുക്ക് | 56/2020-21 |
| വൗച്ചർ നമ്പർ, തുക | 22001113/26.02.21 = 1,96,764 ( CFC Tied) |

ഈ പ്രോജക്ടിന്റെ Detailed Estimate പ്രകാരം വാട്ടർടാങ്ക് നിർമ്മിക്കുന്നതിനും, പൈപ്പ് ലൈൻ (പമ്പിങ്ങ് മെയിൻ) പ്രവൃത്തിക്കും, സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള പമ്പ് ഹൌസിന് വാതിൽ വയ്ക്കുന്നതിനും, 3000 ലിറ്റർ പി.വി.സി ടാങ്ക് വയ്ക്കുന്നതിനും/നിർമ്മിക്കുന്നതിനും, കുടിവെള്ളവിതരണത്തിനായുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനുമാണ് ഈ പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫൈനൽ ബിൽ അനുസരിച്ച് Detailed Estimate പ്രകാരം ഉള്ള പ്രവൃത്തികൾ നിർവ്വഹിച്ചതിനാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1) നിലവിലുണ്ടായിരുന്ന കുടിവെള്ള പദ്ധതിയുടെ നവീകരണമാണ് ഈ പ്രോജക്ട് ലക്ഷ്യമിട്ടത് എന്നതിനാൽ പ്രോജക്ട് ലക്ഷ്യമിട്ട സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കാൻ സ്വീകരിച്ച തുടർ വിവരം അറിയിക്കേണ്ടതാണ്.

2) ഇപ്രകാരം സബ്മേഴ്സിബിൾ മോട്ടോർ പുതുതായി സ്ഥാപിക്കുമ്പോൾ നിലവിലുള്ള പഴയ മോട്ടോർ എന്ത് ചെയ്തു എന്ന് ( 11.01.21 ലെ ഭരണസമിതി തീരുമാനം 1(4-2) കണ്ടാലും) വ്യക്തമാക്കി മറുപടി നൽകേണ്ടതാണ്.

യുക്തിസഹമായ മറുപടി ലഭ്യമാകുന്നതുവരെ ചെലവ് തുക 1,96,764 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 22/22.06.22)

## 1-31 ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത് - ക്രമവിരുദ്ധം.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012 - ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി - ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി.

17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ - ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013 – ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ - ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

10.09.2015 – ലെ ജി.ഒ.(ആർ.ടി)നം.1339/2015/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പിഡബ്ള്യുഡി ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ മാന്വൽ വ്യവസ്ഥ അനുസരിച്ചും, 2012ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2214 അനുസരിച്ചും, 04.09.2014ലെ സർക്കുലർ നം.10434/C3/2014/PWD അനുസരിച്ചും 15ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First Tier QC Testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഫയലിൽ രേഖയില്ല. ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ച് നൽകിയതിന് ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് വിവരം | സാങ്കേതികാനുമതി നമ്പർ,തുക | കരാറുകാരൻ | ബിൽ വിവരം | ഫണ്ട് |
|---|---|---|---|---|---|
| 1 | 106/21<br>കൊറ്റപുറം അംഗൻവാടി നിർമ്മാണം | 71168/2019-20<br>Order No. LSGD/TS/2019-20 /102713 Dtd. 01.10.19<br>19,99,087.38 രൂപ<br>( Revised TS No. 71168/19-20(1) Dtd. 05.10.20 For 20,00,000) | ശ്രീ. ഉണ്ണികൃഷ്ണൻ. വി.കെ | വൗച്ചർ നമ്പർ 22000475/13.05.20 = 477449 രൂപ<br>വൗച്ചർ നമ്പർ 22001033/09.11.20 = 908551 രൂപ<br>വൗച്ചർ നമ്പർ 22000599/04.11.20 = 200000 രൂപ<br>വൗച്ചർ നമ്പർ 22000768/28.01.21 = 282130 രൂപ | CFC<br>CFC<br>OWN FUND<br>OWN FUND |

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും നിയമവ്യവസ്ഥകൾ പാലിക്കാൻ ഉടൻ നടപടി ഉറപ്പുവരുത്തേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.23/22.06.22)

## 1-32 കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്

ഗ്രാമ പഞ്ചായത്തിൽ വിവിധ റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് Packed Bitumen നിരക്ക് ഉൾപ്പെടുത്തിയാണ്. എന്നാൽ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ തിരികെ ലഭിക്കുകയോ, കരാറുകാരനിൽ നിന്നും കാലിബാരൽ വില ഈടാക്കുകയോ ചെയ്യാതെയാണ് തുക അനുവദിച്ചുനൽകിയിട്ടുള്ളത്. ഇപ്രകാരം തുക അനുവദിച്ചുനൽകിയതിനാൽ കരാറുകാർക്ക് അർഹമായതിലും അധികം തുക ലഭിക്കുന്നതിന് ഇടയായി. ഇത് സംബന്ധിച്ച് ഒരു പ്രവൃത്തിയുടെ വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നംപർ | 142/21 |
| പ്രൊജക്ട് | വിരുട്ടാണം ഭഗവതി ടെമ്പിൾ വെസ്റ്റ് നട പിണ്ടാലിക്കുന്ന് റോഡ് ടാറിംഗ് വാർഡ് 1 |
| സാങ്കേതികാനുമതി | 57405/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/91464 Dtd. 18.09.19 |
| സാങ്കേതികാനുമതി തുക | 4,94,600 രൂപ |
| കരാറുകാരൻ | ശ്രീ. എ.എം.യൂസുഫ് |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 2/AE/LSGD/VVR/2019-20 Dtd. 25.10.19 |
| എം.ബുക്ക് | 22/2019-20 |
| വൗച്ചർ നംപർ, തുക | 22000404/12.04.20 = 4,92,143 (MG R) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 439413 |
| (+) 12% ജി.എസ്.ടി | 52729.56 | |
| ആകെ | | 492142.56 ~ 492143 |
| (-)ആദായനികുതി 1% | 4921 | |
| (-)ക്ഷേമനിധി വിഹിതം 1% | 4921 | |
| (-)ജി.എസ്.ടി 2% | 9842 | |

| | | |
|---|---|---|
| ആകെ കിഴിവ് | | 19684 |
| കരാറുകാരന് നൽകിയത് | | 472459 |

എം ബുക്ക് പേജ് 40ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി VG30ബിറ്റുമിൻ 998.03 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 130.08കി.ഗ്രാം ഉം, SS1 ബിറ്റുമിൻ 402.05കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ MORDലെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് ( VG30 ബിറ്റുമിൻ 998.03/156 = 6 ബാരൽ , RS1 ബിറ്റുമിൻ + SS1 ബിറ്റുമിൻ 532.13/182 = 3ബാരൽ ആകെ 9 ബാരൽ ). അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 439413 |
| (+)12% ജി.എസ്.ടി | 52729.56 | |
| ആകെ | | 492142.56 ~ 492143 |
| (-)ആദായനികുതി 1% | 4921 | |
| (-)ക്ഷേമനിധി വിഹിതം 1% | 4921 | |
| (-)ജി.എസ്.ടി 2% | 9842 | |
| (-)കാലി ബാരൽ വില 9 എണ്ണം @ 238/one | 2142 | |
| (-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 % | 386 | |
| ആകെ കിഴിവ് | | 22212 |
| കരാറുകാരന് അർഹമായത് | | 469931 |
| കരാറുകാരന് നൽകിയത് | | 472459 |
| അധികം നൽകിയത് | | 2528 |

മേൽ വിവരിച്ച പ്രകാരം Packed Bitumenന്റെ കാലി ബാരൽ വില ഈടാക്കാതെ കരാറുകാർക്ക് തുക അനുവദിച്ചതിനാൽ താഴെ പട്ടികപ്പെടുത്തിയ പ്രകാരം (മേൽ പ്രവൃത്തി ഉൾപ്പെടെ) ഓരോ പ്രവൃത്തിയിലും കരാറുകാർക്ക് അധികം തുക നൽകാനിടയായി. അധികം നൽകിയ തുക തെറ്റായി തുക കൈപ്പറ്റിയ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കരാറുകാരിൽ നിന്നും തുക ഈടാക്കാൻ സാധിച്ചില്ലെങ്കിൽ, തെറ്റായി തുക അനുവദിച്ചുനൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നംപർ | പ്രോജക്ട് | സാങ്കേതികാനമതി നംപർ | വൗച്ചർ നംപർ | തുക | എം ബുക്ക് | ബിറ്റുമിൻ ആവശ്യകത | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @238/E&18%GST അടക്കം |
|---|---|---|---|---|---|---|---|---|
| 1 | 142/21 | 57405/ 2019-20 | 22000404/ 12.04.20 | 492143 | 22/19-20 | VG30 = 998.03 Kg<br>RS1 = 130.08 Kg<br>SS1 = 402.05 Kg | 6+3 = 9 | 2528 |
| 2 | 150/21 | 27604/ 2019-20 | 22000402/ 12.04.20 | 465535 | 23/19-20 | VG30 = 877.37 Kg<br>RS1 = 120.04 Kg<br>SS1 = 371.03 Kg | 5+2 = 7 | 1966 |
| 3 | 143/21 | 57364/ 2019-20 | 22000400/ 12.04.20 | 305595 | 28/19-20 | VG30 = 623.93 Kg<br>RS1 = 81.32 Kg<br>SS1 = 251.35 Kg | 4+2 = 6 | 1685 |
| 4 | 148/21 | 27700/ 2019-20 | 22000401/ 12.04.20 | 425561 | 12/19-20 | VG30 = 858.14 Kg<br>RS1 = 111.84 Kg<br>SS1 = 345.70 Kg | 5+2= 7 | 1966 |
| 5 | 149/21 | 28999/ 2019-20 | 22000407/ 12.04.20 | 492563 | 15/19-20 | VG30 = 1080.22 Kg<br>RS1 = 140.79 | 7+3 =10 | 2808 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | Kg<br>SS1 = 435.16 Kg | | |
| 6 | 146/21 | 48295/ 2019-20 | 22000399/ 12.04.20 | 404957 | 24/19-20 | VG30 = 681.95 Kg<br>RS1 = 88.88 Kg<br>SS1 = 274.72 Kg | 4+2 =6 | 1685 |
| 7 | 147/21 | 35236/ 2019-20 | 22000405/ 12.04.20 | 485119 | 30/19-20 | VG30 = 849.82 Kg<br>RS1 = 116.27 Kg<br>SS1 = 359.38 Kg | 5+2 =7 | 1966 |
| 8 | 145/21 | 28996/ 2019-20 | 22000403/ 12.04.20 | 417571 | 16/19-20 | VG30 = 879.13 Kg<br>RS1 = 114.58 Kg<br>SS1 = 354.15 Kg | 5+2 =7 | 1966 |
| 9 | 32/21 | 25313/ 2020-21 | 22001155/ 22.01.21 | 399910 | 20/19-20 | VG30 = 3148.87 Kg<br>RS1 = 283.48 Kg | 20+1 =21 | 5898 |
| 10 | 87/21 | 33205/ 2020-21 | 22001156/ 22.01.21 | 489746 | 19/19-20 | VG30 = 3380.22 Kg<br>RS1 = 311.73 Kg<br>SS1 = 68 Kg | 21+2 =23 | 6459 |
| 11 | 71/21 | 29274/ 2020-21 | 22001160/ 22.01.21 | 797219 | 94/19-20, 160/19-20 | VG30 = 5919.91 Kg<br>RS1 = 559.02 Kg<br>SS1 = 22.95 Kg | 38+3 =41 | 11514 |
| 12 | 96/21 | 25467/ 2020-21 | 22001157/ 22.01.21 | 399767 | 90/19-20 | VG30 = 2461.52 Kg<br>RS1 = 221.18 Kg | 15+1 =16 | 4493 |
| 13 | 76/21 | 30808/ 2020-21 | 22001147/ 04.02.21 | 328802 | 51/20-21 | VG30 = 2122.68 Kg<br>RS1 = 198.66 Kg<br>SS1 = 66.3 Kg | 13+1 =14 | 3932 |
| 14 | 88/21 | 33215/ 2020-21 | 22001148/ 04.02.21 | 199847 | 54/20-21 | VG30 = 1573.66 Kg<br>RS1 = 141.66 Kg | 10+1 =11 | 3089 |
| 15 | 93/21 | 58853/ 2020-21 | 22001194/ 29.01.21 | 179858 | 161/19-20 | VG30 = 1415.44 Kg<br>RS1 = 126.89 Kg | 9 | 2528 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 16 | 67/21 | 30791/ 2020-21 | 22001195/ 29.01.21 | 399515 | 99/19-20 | VG30 = 3039.91 Kg<br>RS1 = 275.63 Kg<br>SS1 = 15.3 Kg | 19+1 = 20 | 5617 |
| 17 | 99/21 | 29266/ 2020-21 | 22001158/ 22.01.21 | 697874 | 96/19-20 | VG30 = 5316.60 Kg<br>RS1 = 500.18 Kg | 34+2 = 36 | 10110 |
| 18 | 65/21 | 33189/ 2020-21 | 22001188/ 29.01.21 | 489672 | 97/19-20 | VG30 = 3565.17 Kg<br>RS1 = 331.07 Kg<br>SS1 = 30.6 Kg | 22+2 = 24 | 6740 |
| 19 | 48/21 | 25319/ 2020-21 | 22001159/ 22.01.21 | 199971 | 89/19-20 | VG30 = 1576.69 Kg<br>RS1 = 142.43 Kg | 10+1 = 11 | 3089 |
| 20 | 160/21 | 48302/ 2019-20 | 22000460/ 17.08.20 | 691977 | 29/19-20 | VG30 = 981.68 Kg<br>RS1 = 134.31 Kg<br>SS1 = 415.14 Kg | 6+3 = 9 | 2528 |
| 21 | 158/21 | 48296/ 2019-20 | 22000453/ 17.08.20 | 507545 | 09/19-20 | VG30 = 3940.36 Kg<br>RS1 = 372.16 Kg | 25+2 = 27 | 7583 |
| 22 | 165/21 | 28980/ 2019-20 | 22000454/ 17.08.20 | 547171 | 02/19-20 | VG30 = 592.91 Kg<br>RS1 = 77.28 Kg<br>SS1 = 238.85 Kg | 4+1 = 5 | 1404 |
| 23 | 168/21 | 76625/ 2019-20 | 22000459/ 17.08.20 | 746891 | 27/19-20 | VG30 = 1304.93 Kg<br>RS1 = 170.07 Kg<br>SS1 = 525.68 Kg | 8+3 = 11 | 3089 |
| 24 | 162/21 | 48304/ 2019-20 | 22000458/ 17.08.20 | 618853 | 03/19-20 | VG30 = 830.13 Kg<br>RS1 = 113.58 Kg<br>SS1 = 351.05 Kg | 5+2 = 7 | 1966 |
| 25 | 166/21 | 28982/ 2019-20 | 22000457/ 17.08.20 | 512567 | 14/19-20 | VG30 = 776.57 Kg<br>RS1 = 106.25 Kg<br>SS1 = 328.40 Kg | 5+2 = 7 | 1966 |
| 26 | 164/21 | 35248/ | 22000456/ | 516228 | 21/19-20 | VG30 = | 6+3 = | 2528 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 2019-20 | 17.08.20 | | | 999.77 Kg<br>RS1 = 136.79 Kg<br>SS1 = 422.79 Kg | 9 | |
| 27 | 159/21 | 36351/ 2019-20 | 22000455/ 17.08.20 | 757077 | 07/19-20 | VG30 = 1457.25 Kg<br>RS1 = 199.38 Kg<br>SS1 = 661.25 Kg | 9+4 = 13 | 3651 |
| 28 | 79/21 | 32639/ 2020-21 | 22001100/ 10.03.21 | 399362 | 165/19-20, 167/19-20 | VG30 = 737.23 Kg<br>RS1 = 96.09 Kg<br>SS1 = 296.99 Kg | 4+2 = 6 | 1685 |
| 29 | 175/21 | 102929/ 2019-20 | 22000416/ 29.04.20 | 149589 | 42/19-20 | VG30 = 1091.02 Kg<br>RS1 = 103.61 Kg | 7 | 1966 |
| 30 | 167/21 | 27611/ 2019-20 | 22000420/ 29.04.20 | 638641 | 06/18-19 | VG30 = 1525.13 Kg<br>RS1 = 177.85 Kg<br>SS1 = 373.83 Kg | 9+3 = 12 | 3370 |

ആകെ അധികം നൽകിയത് = 111775 രൂപ

(ഓഡിറ്റ് എൻക്വയറി നംപർ 24/22.06.22)

## 1-33 പുറശ്ശേരി കുടിവെള്ളപദ്ധതി ലക്ഷ്യം നേടാത്തത് - തുടർ നടപടി പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

19.03.2021 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം 1(3) താഴെ ചേർക്കുന്നു.

" പുറശ്ശേരി കുടിവെള്ളപദ്ധതിക്ക് പഞ്ചായത്ത് ഏകദേശം 12 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ളതാണെന്നും, ഇതുവരെ ഒരു പ്രവൃത്തിയും നടന്നിട്ടില്ലെന്നും യോഗം വിലയിരുത്തി. അടിയന്തിരമായി പ്രവൃത്തി നടപ്പിലാക്കുന്നതിന് KWAക്ക് കത്തുകൊടുക്കുന്നതിന് തീരുമാനിച്ചു. കത്തുകൊടുത്തതുകൊണ്ടുമാത്രം കാര്യമില്ലെന്നും നിരന്തരമായ ഇടപെടൽ ആണ് ഇക്കാര്യത്തിൽ ആവശ്യമെന്നും സെക്രട്ടറി അറിയിച്ചു. "

ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നംപർ. 20/22.06.22) മറുപടി ലഭിച്ചില്ല.

1) കേരള വാട്ടർ അതോറിറ്റിയിൽ ഈ 12 ലക്ഷം രൂപ എപ്പോഴാണ് നിക്ഷേപിച്ചിട്ടുള്ളത്. ആയത് സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നുണ്ടോ? ഇല്ലെങ്കിൽ കാരണം.

2) കേരള വാട്ടർ അതോറിറ്റിയുമായി ഈ പ്രവൃത്തിക്കായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി.

3) ഭരണസമിതി തീരുമാനത്തെ തുടർന്ന് ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി

4) കേരള വാട്ടർ അതോറിറ്റി ഏതെങ്കിലും ഘട്ടത്തിൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം ലഭ്യമാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

മേൽ കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, കുടിവെള്ളപദ്ധതി ജനോപകാരപ്രദമാക്കാൻ തുടർ നടപടി പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതുമാണ്. കേരള വാട്ടർ അതോറിറ്റി വിഷയവുമായി ബന്ധപ്പെട്ട് ആവശ്യമായ പ്രതികരണം നടത്തുന്നില്ലെങ്കിൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി ഉചിതമായ പരിഹാരം തേടേണ്ടതാണ്.

## 1-34 വനിതാ പരിശീലനകേന്ദ്രം കുടിവെള്ളപദ്ധതി - ബാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ - 125/21

പ്രോജക്ട് - വനിതാ പരിശീലനകേന്ദ്രം കുടിവെള്ളപദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

2019-20 സാമ്പത്തിക വർഷത്തിൽ ഈ പ്രോജക്ടിന്റെ ഭാഗമായി വൗച്ചർ നമ്പർ 21900852/31.12.19 പ്രകാരം 25,000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. കേരള വാട്ടർ അതോറിറ്റി പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ആവശ്യപ്പെട്ട ബാക്കി തുക നൽകുന്നതിനാണ്

2020-21 സാമ്പത്തിക വർഷത്തിൽ ഈ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിലേക്കായി വൌച്ചർ നംപർ 22000477/27.08.20 പ്രകാരം 1,01,000 രൂപയും (CFC Tied) കേരള വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂറായി നൽകി. ഫയലിലെ രേഖകൾ പ്രകാരം, പ്രവൃത്തിക്കായി വാട്ടർ അതോറിറ്റി 1,08,306 രൂപ ചെലവഴിക്കുകയും ബാക്കി 17,694 രൂപ ( 126000 - 108306 ) 307427/10.09.21 SBI ചെക്ക് പ്രകാരം തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 19/22.06.22)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്

ഗ്രാമ പഞ്ചായത്തിൽ വിവിധ റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് Packed Bitumen നിരക്ക് ഉൾപ്പെടുത്തിയാണ്. എന്നാൽ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ തിരികെ ലഭിക്കുകയോ, കരാറുകാരനിൽ നിന്നും കാലിബാരൽ വില ഈടാക്കുകയോ ചെയ്യാതെയാണ് തുക അനുവദിച്ചുനൽകിയിട്ടുള്ളത്. ഇപ്രകാരം തുക അനുവദിച്ചുനൽകിയതിനാൽ കരാറുകാർക്ക് അർഹമായതിലും അധികം തുക ലഭിക്കുന്നതിന് ഇടയായി. ഇത് സംബന്ധിച്ച് ഒരു പ്രവൃത്തിയുടെ വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 142/21 |
| പ്രൊജക്റ്റ് | വിരുട്ടാണം ഭഗവതി ടെമ്പിൾ വെസ്റ്റ് നട പിണ്ടാലിക്കുന്ന് റോഡ് ടാറിംഗ് വാർഡ് 1 |
| സാങ്കേതികാനുമതി | 57405/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/91464 Dtd. 18.09.19 |
| സാങ്കേതികാനുമതി തുക | 4,94,600 രൂപ |
| കരാറുകാരൻ | ശ്രീ. എ.എം.യൂസുഫ് |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 2/AE/LSGD/VVR/2019-20 Dtd. 25.10.19 |
| എം.ബുക്ക് | 22/2019-20 |
| വൗച്ചർ നമ്പർ, തുക | 22000404/12.04.20 = 4,92,143 (MG R) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 439413 |
| (+) 12% ജി.എസ്.ടി | 52729.56 | |
| ആകെ | | 492142.56 ~ 492143 |
| (-)ആദായനികുതി 1% | 4921 | |
| (-)ക്ഷേമനിധി വിഹിതം 1% | 4921 | |
| (-)ജി.എസ്.ടി 2% | 9842 | |
| ആകെ കിഴിവ് | | 19684 |
| കരാറുകാരന് നൽകിയത് | | 472459 |

എം ബുക്ക് പേജ് 40ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി VG30ബിറ്റുമിൻ 998.03 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 130.08കി.ഗ്രാം ഉം, SS1 ബിറ്റുമിൻ 402.05കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ MORDലെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് ( VG30 ബിറ്റുമിൻ 998.03/156 = 6 ബാരൽ , RS1 ബിറ്റുമിൻ + SS1 ബിറ്റുമിൻ 532.13/182 = 3ബാരൽ ആകെ 9 ബാരൽ ). അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 439413 |
| (+)12% ജി.എസ്.ടി | 52729.56 | |
| ആകെ | | 492142.56 ~ 492143 |
| (-)ആദായനികുതി 1% | 4921 | |
| (-)ക്ഷേമനിധി വിഹിതം 1% | 4921 | |
| (-)ജി.എസ്.ടി 2% | 9842 | |
| (-)കാലി ബാരൽ വില 9 എണ്ണം @ 238/one | 2142 | |
| (-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 % | 386 | |

| | | |
|---|---|---|
| ആകെ കിഴിവ് | | 22212 |
| കരാറുകാരന് അർഹമായത് | | 469931 |
| കരാറുകാരന് നൽകിയത് | | 472459 |
| അധികം നൽകിയത് | | 2528 |

മേൽ വിവരിച്ച പ്രകാരം Packed Bitumenന്റെ കാലി ബാരൽ വില ഈടാക്കാതെ കരാറുകാർക്ക് തുക അനുവദിച്ചതിനാൽ താഴെ പട്ടികപ്പെടുത്തിയ പ്രകാരം (മേൽ പ്രവൃത്തി ഉൾപ്പെടെ) ഓരോ പ്രവൃത്തിയിലും കരാറുകാർക്ക് അധികം തുക നൽകാനിടയായി. അധികം നൽകിയ തുക തെറ്റായി തുക കൈപ്പറ്റിയ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കരാറുകാരിൽ നിന്നും തുക ഈടാക്കാൻ സാധിച്ചില്ലെങ്കിൽ, തെറ്റായി തുക അനുവദിച്ചുനൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

.

| ക്രമ നമ്പർ | പ്രോജക്ട് | സാങ്കേതികാനുമതി നമ്പർ | വൗച്ചർ നമ്പർ | തുക | എം ബുക്ക് | ബിറ്റുമിൻ ആവശ്യകത | ബാരലിന്റെ എണ്ണം | ബാരലിന്റെ വില @238/E&18%GST അടക്കം |
|---|---|---|---|---|---|---|---|---|
| 1 | 142/21 | 57405/ 2019-20 | 22000404/ 12.04.20 | 492143 | 22/19-20 | VG30 = 998.03 Kg<br>RS1 = 130.08 Kg<br>SS1 = 402.05 Kg | 6+3 = 9 | 2528 |
| 2 | 150/21 | 27604/ 2019-20 | 22000402/ 12.04.20 | 465535 | 23/19-20 | VG30 = 877.37 Kg<br>RS1 = 120.04 Kg<br>SS1 = 371.03 Kg | 5+2 =7 | 1966 |
| 3 | 143/21 | 57364/ 2019-20 | 22000400/ 12.04.20 | 305595 | 28/19-20 | VG30 = 623.93 Kg<br>RS1 = 81.32 Kg<br>SS1 = 251.35 Kg | 4+2 =6 | 1685 |
| 4 | 148/21 | 27700/ 2019-20 | 22000401/ 12.04.20 | 425561 | 12/19-20 | VG30 = 858.14 Kg<br>RS1 = 111.84 Kg<br>SS1 = 345.70 Kg | 5+2=7 | 1966 |
| 5 | 149/21 | 28999/ 2019-20 | 22000407/ 12.04.20 | 492563 | 15/19-20 | VG30 = 1080.22 Kg<br>RS1 = 140.79 Kg<br>SS1 = 435.16 Kg | 7+3=10 | 2808 |
| 6 | 146/21 | 48295/ 2019-20 | 22000399/ 12.04.20 | 404957 | 24/19-20 | VG30 = 681.95 Kg<br>RS1 = 88.88 Kg<br>SS1 = 274.72 Kg | 4+2=6 | 1685 |
| 7 | 147/21 | 35236/ 2019-20 | 22000405/ 12.04.20 | 485119 | 30/19-20 | VG30 = 849.82 Kg<br>RS1 = 116.27 Kg<br>SS1 = 359.38 Kg | 5+2=7 | 1966 |
| 8 | 145/21 | 28996/ 2019-20 | 22000403/ 12.04.20 | 417571 | 16/19-20 | VG30 = 879.13 Kg<br>RS1 = | 5+2 =7 | 1966 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | 114.58 Kg<br>SS1 = 354.15 Kg | | |
| 9 | 32/21 | 25313/ 2020-21 | 22001155/ 22.01.21 | 399910 | 20/19-20 | VG30 = 3148.87 Kg<br>RS1 = 283.48 Kg | 20+1=21 | 5898 |
| 10 | 87/21 | 33205/ 2020-21 | 22001156/ 22.01.21 | 489746 | 19/19-20 | VG30 = 3380.22 Kg<br>RS1 = 311.73 Kg<br>SS1 = 68 Kg | 21+2=23 | 6459 |
| 11 | 71/21 | 29274/ 2020-21 | 22001160/ 22.01.21 | 797219 | 94/19-20, 160/19-20 | VG30 = 5919.91 Kg<br>RS1 = 559.02 Kg<br>SS1 = 22.95 Kg | 38+3=41 | 11514 |
| 12 | 96/21 | 25467/ 2020-21 | 22001157/ 22.01.21 | 399767 | 90/19-20 | VG30 = 2461.52 Kg<br>RS1 = 221.18 Kg | 15+1=16 | 4493 |
| 13 | 76/21 | 30808/ 2020-21 | 22001147/ 04.02.21 | 328802 | 51/20-21 | VG30 = 2122.68 Kg<br>RS1 = 198.66 Kg<br>SS1 = 66.3 Kg | 13+1=14 | 3932 |
| 14 | 88/21 | 33215/ 2020-21 | 22001148/ 04.02.21 | 199847 | 54/20-21 | VG30 = 1573.66 Kg<br>RS1 = 141.66 Kg | 10+1=11 | 3089 |
| 15 | 93/21 | 58853/ 2020-21 | 22001194/ 29.01.21 | 179858 | 161/19-20 | VG30 = 1415.44 Kg<br>RS1 = 126.89 Kg | 9 | 2528 |
| 16 | 67/21 | 30791/ 2020-21 | 22001195/ 29.01.21 | 399515 | 99/19-20 | VG30 = 3039.91 Kg<br>RS1 = 275.63 Kg<br>SS1 = 15.3 Kg | 19+1 =20 | 5617 |
| 17 | 99/21 | 29266/ 2020-21 | 22001158/ 22.01.21 | 697874 | 96/19-20 | VG30 = 5316.60 Kg<br>RS1 = 500.18 Kg | 34+2 =36 | 10110 |
| 18 | 65/21 | 33189/ 2020-21 | 22001188/ 29.01.21 | 489672 | 97/19-20 | VG30 = 3565.17 Kg<br>RS1 = 331.07 Kg<br>SS1 = 30.6 Kg | 22+2 =24 | 6740 |
| 19 | 48/21 | 25319/ | 22001159/ | 199971 | 89/19-20 | VG30 = | 10+1 =11 | 3089 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 2020-21 | 22.01.21 | | | 1576.69 Kg<br>RS1 = 142.43 Kg | | |
| 20 | 160/21 | 48302/ 2019-20 | 22000460/ 17.08.20 | 691977 | 29/19-20 | VG30 = 981.68 Kg<br>RS1 = 134.31 Kg<br>SS1 = 415.14 Kg | 6+3 =9 | 2528 |
| 21 | 158/21 | 48296/ 2019-20 | 22000453/ 17.08.20 | 507545 | 09/19-20 | VG30 = 3940.36 Kg<br>RS1 = 372.16 Kg | 25+2 =27 | 7583 |
| 22 | 165/21 | 28980/ 2019-20 | 22000454/ 17.08.20 | 547171 | 02/19-20 | VG30 = 592.91 Kg<br>RS1 = 77.28 Kg<br>SS1 = 238.85 Kg | 4+1 =5 | 1404 |
| 23 | 168/21 | 76625/ 2019-20 | 22000459/ 17.08.20 | 746891 | 27/19-20 | VG30 = 1304.93 Kg<br>RS1 = 170.07 Kg<br>SS1 = 525.68 Kg | 8+3 =11 | 3089 |
| 24 | 162/21 | 48304/ 2019-20 | 22000458/ 17.08.20 | 618853 | 03/19-20 | VG30 = 830.13 Kg<br>RS1 = 113.58 Kg<br>SS1 = 351.05 Kg | 5+2 =7 | 1966 |
| 25 | 166/21 | 28982/ 2019-20 | 22000457/ 17.08.20 | 512567 | 14/19-20 | VG30 = 776.57 Kg<br>RS1 = 106.25 Kg<br>SS1 = 328.40 Kg | 5+2 =7 | 1966 |
| 26 | 164/21 | 35248/ 2019-20 | 22000456/ 17.08.20 | 516228 | 21/19-20 | VG30 = 999.77 Kg<br>RS1 = 136.79 Kg<br>SS1 = 422.79 Kg | 6+3 =9 | 2528 |
| 27 | 159/21 | 36351/ 2019-20 | 22000455/ 17.08.20 | 757077 | 07/19-20 | VG30 = 1457.25 Kg<br>RS1 = 199.38 Kg<br>SS1 = 661.25 Kg | 9+4 =13 | 3651 |
| 28 | 79/21 | 32639/ 2020-21 | 22001100/ 10.03.21 | 399362 | 165/19-20, 167/19-20 | VG30 = 737.23 Kg<br>RS1 = 96.09 Kg<br>SS1 = 296.99 Kg | 4+2 =6 | 1685 |
| 29 | 175/21 | 102929/ | 22000416/ | 149589 | 42/19-20 | VG30 = | 7 | 1966 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | 1091.02 Kg | | |
| | | 2019-20 | 29.04.20 | | | RS1 = 103.61 Kg | | |
| | | | | | | | | |
| 30 | 167/21 | 27611/ 2019-20 | 22000420/ 29.04.20 | 638641 | 06/18-19 | VG30 = 1525.13 Kg | 9+3 =12 | 3370 |
| | | | | | | RS1 = 177.85 Kg | | |
| | | | | | | SS1 = 373.83 Kg | | |

ആകെ അധികം നൽകിയത് = 111775 രൂപ

(ഓഡിറ്റ് എൻക്വയറി നമ്പർ 24/22.06.22)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 812084 | നെൽകൃഷി വികസനം | 812084 | 0 |
| | 990000 | നെൽകൃഷി കൂലി ചെലവ് വിതരണ പദ്ധതി | 555936 | 434064 |
| | 300000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വടക്കാഞ്ചേരി | 990000 | നെൽകൃഷി കൂലി ചെലവ് വിതരണ പദ്ധതി | 500000 | 490000 |
| | 171000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 171000 | 0 |
| | 600000 | ലൈഫ് ഭവന പദ്ധതി (സ്പിൽ ഓവർ) | 200000 | 400000 |
| | 20000 | വിശപ്പ് രഹിത കേരളം | 20000 | 0 |
| | 250000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 250000 | 0 |
| | 1500000 | ലൈഫ് ഭവന പദ്ധതി (സ്പിൽ ഓവർ) | 1180000 | 320000 |
| | 3800000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 960000 | 2840000 |
| | 8360200 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 360000 | 8000200 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

പഞ്ചായത്ത് ലഭ്യമാക്കിയ രണ്ട് ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങളിൽ കരുവാൻ കടിവെള്ളപദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതും വനിതാ പരിശീലന കേന്ദ്രം കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ആയതിനാൽ പ്രസ്തുത വിവരങ്ങൾ ഖണ്ഡികയിൽ ചേർക്കുന്നില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഹഡ്കോ ലൈഫ് പദ്ധതി | - | - | 4434706 | 0 | 482706 | - | 3952000 |

## 4-5 സ്ഥിര നിക്ഷേപം

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| 3 | ആകെ | 1000 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000 |

ഇൻവെസ്റ്റുമെന്റുകൾ ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,03,22,730.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,69,97,189.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,11,775 രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,35,301 രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,11,775 | ശ്രീ. അജി ഫ്രാൻസിസ് അസി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 2,38,537 | ശ്രീ. അജിഫ്രാൻസിസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 1,96,764 | ശ്രീ. അജിഫ്രാൻസിസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 4,35,301 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3-1 | ശ്രീ. അജിഫ്രാൻസിസ് അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അജിഫ്രാൻസിസ് അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അജിഫ്രാൻസിസ് കല്ലൂക്കാരൻ വീട് ഒല്ലൂർ (പി.ഒ) |

| | | | |
|---|---|---|---|
| | | വരവൂർ ഗ്രാമപഞ്ചായത്ത് | പടവരാട് തൃശ്ശൂർ ജില്ല |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 82-83 | എൽ.എഫ്.ടി.എസ്.2- 794/11 |
| 83-84 | എൽ.എഫ്.ടി.എസ്.2- 794/11 |
| 84-85 | എൽ.എഫ്.ടി.എസ്.2- 794/11 |
| 85-86 | എൽ.എഫ്.ടി.എസ്.2- 794/11 |
| 86-87, 87-88 | എൽ.എഫ്.ടി.എസ്.2- 794/11 |
| 88-89, 89-90 | എൽ.എഫ്.ടി.എസ്.2- 794/11 |
| 90-91 | എൽ.എഫ്.ടി.എസ്.2- 794/11 |
| 91-92 | |
| 92-93, 93-94 | എൽ.എഫ്.ടി.20-13-300-93/ 23.11.93 |
| 96-97 | എൽ.എഫ്.ടി.20- 314-98, 11.08.98 |
| 97-98 | എൽ.എഫ്.ടി.20-10-2000, 20.05.08 |
| 98-99 | എൽ.എഫ്.ടി.20-597-2000, 26.09.2000 |
| 99-2000 | എൽ.എഫ്.ടി.17-1689/02/ 23.01.03 |
| 2000-01 | എൽ.എഫ്.ടി.17-691/04/ 09.12.04 |
| 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.17-1440/03/ 01.03.04 |
| 2001-02 | എൽ.എഫ്.ടി.17-690/04/ 09.12.04 |
| 2002-03 | എൽ.എഫ്.ടി.17-1222/08/ 29.08.09 |
| 2003-04 | എൽ.എഫ്.ടി.17-1047/08/ 29.08.09/13.10.09 |
| 2004-05 | എൽ.എഫ്.ടി.17-66/09/ 25.05.10 |
| 2005-06 | എൽ.എഫ്.ടി.17-320/10/ 17.09.10 |
| 2006-07 | എൽ.എഫ്.ടി.17-321/10/ 17.09.10, 19.10.11 |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി.(പി.1)-1661/12/ 05.02.13 |
| 2011-12 | എൽ.എഫ്.ടി.(പി.5)-1723/13/ 05.02.14 |
| 2012-13 | എൽ.എഫ്.ടി.(പി.5)-1922/14/ 16.04.15/04.06.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-191/15/ 18-02-16/14-03-16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-1195/16 തീ. 22.07.16/28.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-2207/16 തീ. 16.01.17/21.02.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി5)1432/2017 തീ :13.09.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി5)1589/2018 തീ :07.12.2018 |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ(പി5)330/2019, തീ :11.05.2020 |
| 2019-20 | നം.കെ.എസ്.എ.ടി.എസ്.ആർ(പി15)872/2021, തീ. 02.07.2021 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്